**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 484** **06-12-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ ഓവർ ബ്രിഡ്ജുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി ഫണ്ടിലൂടെ കാസർഗോഡ്, കണ്ണൂർ ജില്ലകളിൽ അനുവദിച്ച റെയിൽ ഓവർ ബ്രിഡ്ജുകളുടെ ഡി.പി.ആർ. എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്നും പ്രവൃത്തികൾ എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കാമോ; | (എ) | 1. **കൊട്ടുവള്ളി റെയിൽവേ മേൽപ്പാലം**-ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 16.05.2017 നു ലഭിച്ചു. മേൽപ്പാലത്തിനുള്ള സ്ഥലമേറ്റെടുക്കൽ പൂർത്തിയായിട്ടുണ്ട്.40% പ്രവൃത്തി പൂർത്തിയായി. ബാക്കി നിർമ്മാണം പുരോഗമിക്കുന്നു.<br>2. **കൊട്ടികുളം റെയിൽവേ മേൽപ്പാലം**- ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 16.05.2017 നു ലഭിച്ചു. പദ്ധതിയുടെ അന്തിമ ജിഎഡി റെയിൽവേയുടെ അംഗികാരത്തിനായി 01.09.2022 ൽ സമർപ്പിച്ചിട്ടുണ്ട്.പദ്ധതിക്കാവശ്യമായ ഭൂരിപക്ഷം ഭൂമിയും റെയിൽവേയുടെ പേരിലായതിനാൽ ടി ഭൂമി കേരള ഗവണ്മെന്റിനു കൈമാറിയാൽ മാത്രമേ നിർമ്മാണം ആരംഭിക്കാൻ കഴിയൂ.<br>**3. ഹൊസൻഗടി റെയിൽവേ മേൽപ്പാലം**- ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 10.02.2020 നു ലഭിച്ചു. ജിഎഡി റയിൽവേയിൽ സമർപ്പിച്ചെങ്കിലും എൻ.എച്ച്എ.ഐ യിൽ നിന്നും എൻ.ഓ.സി ലഭിച്ച ശേഷം ജിഎഡി സമർപ്പിക്കുവാൻ റയിൽവേ ആവശ്യപ്പെട്ടു. തുടർന്ന് എൻ.ഓ.സിയ്ക്കുള്ള അപേക്ഷ എൻ.എച്ച്എ.ഐ യിൽ സമർപ്പിച്ചിട്ടുണ്ട്.<br><br>4. **ഉദുമ റെയിൽവേ മേൽപ്പാലം** - ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 11.02.2020 നു ലഭിച്ചു. ജിഎഡി റെയിൽവേയുടെ അംഗികാരത്തിനായി 06.05.2022 ൽ സമർപ്പിച്ചിരുന്നെങ്കിലും റെയിൽവേ സംയുക്ത പരിശോധന റിപ്പോർട്ട് ആവശ്യപ്പെട്ട് തിരിച്ച് അയച്ചു. ആയതിനാൽ സംയുക്ത പരിശോധന നടത്തണമെന്നാവശ്യപ്പെട്ട് 02.07.2022 നു പാലക്കാട് ഡിവിഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.<br><br>**5.കുശാൽ നഗർ റെയിൽവേ മേൽപ്പാലം** -ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 11.02.2020 നു ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതിനാൽ |

അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കു എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

**6)എടചക്കൈ - നടക്കാവ് റെയിൽവേ മേൽപ്പാലം** -ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 10.02.2020 നു ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കു എന്ന് റയിൽവേ അറിയിച്ചു.

**7.മഞ്ചേശ്വർ- ഉദയവാർ റോഡ് റെയിൽവേ മേൽപ്പാലം** -ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 09.08.2020 നു ലഭിച്ചു. ജിഎഡി റയിൽവേയിൽ സമർപ്പിച്ചെങ്കിലും എൻ.എച്ച്എ.ഐ യിൽ നിന്നും എൻ.ഓ.സി ലഭിച്ച ശേഷം ജിഎഡി സമർപ്പിക്കുവാൻ റയിൽവേ ആവശ്യപ്പെട്ടു. തുടർന്ന് എൻ.ഓ.സിയ്ക്കുള്ള അപേക്ഷ എൻ.എച്ച്എ.ഐ യിൽ സമർപ്പിച്ചിട്ടുണ്ട്.

**8.തൃക്കരിപൂർ -വെള്ളാപ്പ റെയിൽവേ മേൽപ്പാലം** -ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 06.08.2020 നു ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കു എന്ന് റയിൽവേ അറിയിച്ചു.

**9.കോഴിക്കൽ റെയിൽവേ മേൽപ്പാലം** - ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 07.02.2020 നു ലഭിച്ചു. റെയിൽവേ ഒരു അണ്ടർപാസ്സ് ഇവിടെ നിർമ്മിച്ചിട്ടുള്ളതിനാൽ റയിൽവേ മേൽപ്പാലം ഇവിടെ നിർമ്മിക്കേണ്ടതില്ലെന്നാണ് 22.08.2022 ന് നടന്ന സി.എം.ടി മീറ്റിങ്ങിൽ ബഹു. എം,എൽ.എ നിർദ്ദേശിച്ചിട്ടുള്ളത്.

**10.പുന്നോൽ റെയിൽവേ മേൽപ്പാലം-** ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 09.08.2020 നു ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കു എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

**11.ബീരിച്ചേരി റെയിൽവേ മേൽപ്പാലം**

| | | | |
|---|---|---|---|
| | | | -ഡിപിആറിനു കിഫ്ബിയുടെ അംഗീകാരം 16.03.2019 നു ലഭിച്ചു. സിൽവർലൈൻ നടപ്പിലാക്കുന്നത് ഈ പ്രദേശത്ത് കൂടി ആയതിനാൽ അതുമായി ബന്ധപ്പെട്ട അലൈൻമെന്റ് അന്തിമമായതിനു ശേഷമേ ഈ പദ്ധതിയുമായി മുന്നോട്ട് പോകാൻ സാധിക്കു എന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്. |
| (ബി) | റോഡ്സ് ആൻഡ് ബ്രിഡ്ജസ് കോർപറേഷൻ കേരളാ വഴി നടപ്പിലാക്കുന്ന ബീരിച്ചേരി, ഉദിനൂർ, വെള്ളാപ്പ് റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ പ്രവൃത്തികൾക്ക് നിലവിൽ എന്തു തടസ്സമാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ഈ റെയിൽവേ മേൽപ്പാലങ്ങളുടെ അലൈൻമെന്റിൽ കൂടി സിൽവർ ലൈൻ പദ്ധതിയുടെ അലൈൻമെന്റ് വരുന്നത് മൂലം സിൽവർ ലൈൻ അലൈൻമെന്റ് അന്തിമമായതിന് ശേഷം മാത്രമേ ജി.ഐ.ഡി പരിഗണിക്കാൻ കഴിയൂ എന്നാണ് റെയിൽവേ അറിയിച്ചിരുന്നത്.എന്നാൽ 28.09.2022 ലെ KRDCL ന്റെ കത്ത് പ്രകാരം ജി.ഐ.ഡി റെയിൽവേ അംഗീകരിച്ച പദ്ധതികളിൽ സിൽവർ ലൈൻ അലൈൻമെന്റ് പരിഗണിക്കാതെ പ്രവർത്തിയുമായി മുന്നോട്ടു പോകുവാൻ അറിയിച്ചിരിക്കുന്നു. 12.10.2022 ലെ കത്ത് പ്രകാരം ഈ വിവരം RBDCK റയിൽവേയിൽ അറിയിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശം ജി.ഐ.ഡി അംഗീകരിക്കപ്പെടാത്ത റെയിൽവേ മേൽപ്പാലങ്ങൾക്ക് ബാധകമാണോ എന്ന കാര്യത്തിൽ വ്യക്തത വരുത്തണമെന്ന് റെയിൽവേ നിർദ്ദേശിച്ചു.അതനുസരിച്ച് 03.11.2022 ൽ റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ചുള്ള വിശദീകരണത്തിനായി KRDCL നോട് അഭ്യർത്ഥിച്ചിട്ടുണ്ട്. KRDCL ൽ നിന്ന് മറുപടി ലഭിക്കുന്ന മുറയ്ക്ക് പ്രവർത്തിയുമായി മുന്നോട്ടു പോകുന്നതാണ്.റെയിൽവേയുടെ അംഗീകാരം ലഭിച്ചാൽ മാത്രമേ തുടർനടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ